പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6643 — 04.04.2018 ൽ മറുപടിക്ക്

## പാലക്കാട് ജില്ലയുടെ റെയിൽവേ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ. ശശി | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പാലക്കാട് ജില്ലയുടെ റെയിൽവേ വികസനത്തിനായി സർക്കാർ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | (എ) പാലക്കാട് ജില്ലയുടെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് പുതിയതായി പൂർത്തീകരിക്കപ്പെട്ട പാലക്കാട് പൊള്ളാച്ചി റൂട്ടിൽ അധിക ട്രെയിൻ, പാലക്കാട് ജംഗ്ഷനിൽ നിന്നും പൊള്ളാച്ചി, പളനി, മധുര വഴി രാമേശ്വരം വരെയും തിരികെയുമുള്ള ട്രെയിനുകൾ എന്നിവ അനുവദിക്കുന്നതിലേക്കുള്ള ശുപാർശ റെയിൽവേ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ നിലമ്പൂർ-തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്സ് സ്വതന്ത്ര ട്രെയിനാക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പാലക്കാട് ഡിവിഷൻ റെയിൽവേ ബോർഡിന് നൽകിയിട്ടുണ്ട്. തിരുവനന്തപുരം - പാലക്കാട് ഡിവിഷനുകളെ ചേർത്ത് എറണാകുളം ആസ്ഥാനമായി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കുന്ന വിഷയം കേന്ദ്ര സർക്കാരിന് മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്.<br>107 കി.മീ ദൈർഘ്യമുള്ള ഷൊർണ്ണൂർ - എറണാകുളം മൂന്നാം ലൈനിന് 2018-19 സാമ്പത്തിക വർഷത്തെ റെയിൽവേ ബഡ്ജറ്റിൽ (പിങ്ക് ബുക്ക്) 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷൻ വികസനവും പാലക്കാട് നിന്നും ഉച്ചയ്ക്കുശേഷം തിരുവനന്തപുരത്തേക്ക് ട്രെയിനുകളില്ലാത്തതും ഷൊർണ്ണൂരിൽ നിന്നും പാലക്കാട്ടുനിന്നും കൂടുതൽ ട്രെയിനുകൾ അനുവദിക്കുവാനുള്ള ആവശ്യകതയും റെയിൽവേ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്താനും ആയത് നേടിയെടുക്കാനുമായി സർക്കാർ എന്തു നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കാമോ? | (ബി) ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷന്റെ വികസനത്തിന്റെ ഭാഗമായി സ്റ്റേഷനിലും പ്ലാറ്റ് ഫോമുകളിലുമുള്ള ജല വിതരണം കാര്യക്ഷമമാക്കുകയും, 1,4/5 പ്ലാറ്റ് ഫോമുകളിൽ 2 ലിഫ്റ്റുകളും, പ്ലാറ്റ് ഫോം 4/5, 6/7 എന്നിവയിലെ വെയിറ്റിംഗ് ഹാളുകളിൽ ബാത്ത് റൂം, റ്റോയ് ലറ്റ് സൗകര്യങ്ങളും, മേൽക്കൂരകളും നിർമ്മിക്കുകയുണ്ടായി. ഇവയ്ക്കു പുറമേ 2/3, 6/7 പ്ലാറ്റ്ഫോമുകളിൽ ലിഫ്റ്റ് സൗകര്യം, പുതിയ പാർക്കിംഗ് ഏര്യ, പ്ലാറ്റ്ഫോമുകളിൽ എസ്കലേറ്റർ സൗകര്യം, ഫുട്ട് ഓവർ ബ്രിഡ്ജ്, പ്ലാറ്റ് ഫോം ഷെൽട്ടറുകൾ എന്നീ പ്രവൃത്തികൾ പരിഗണനയിലാണ്.<br>ചൊവ്വ, ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിൽ ഉച്ചയ്ക്കുശേഷം പാലക്കാട് ജംഗ്ഷൻ വഴി തിരുവനന്തപുരത്തേക്ക് ദീർഘദൂര എക്സ്പ്രസ്സ് ട്രെയിനുകളും, ആലപ്പുഴ, എറണാകുളം ജംഗ്ഷൻ, പുനലൂർ എന്നിവിടങ്ങളിലേക്ക് 3 പ്രതിദിന എക്സ്പ്രസ് ട്രെയിനുകളും എറണാകുളത്തേക്ക് പാലക്കാട് വഴി 4 പ്രതിവാര എക്സ്പ്രസ്സുകളും സർവ്വീസ് നടത്തി വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ